**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3945** **03-03-2023 - ൽ മറുപടിയ്ക്ക്**

**കാസ്പിന് സാങ്കേതിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നടത്തിപ്പുകാരായ കാസ്പ്(കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) ന് സാങ്കേതിക സഹായത്തിനായി ഏതൊക്കെ സ്ഥാപനങ്ങളുമായി കരാറിൽ (എം.ഒ.യു.) ഏർപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | **സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അതിന്റെ നടത്തിപ്പിനുള്ള സാങ്കേതിക സഹായത്തിനായി മറ്റ് സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. എന്നാൽ ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി നോൺ ഡിസ്ക്ലോഷർ എഗ്രിമെന്റിൽ ഒപ്പ് വച്ച ഡെവലപ്മെന്റ് പാർട്ണർമാരായ അഡ്മിനിസ്ട്രേറ്റിവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, ആക്സസ് ഹെൽത്ത് എന്നീ സ്ഥാപനങ്ങളുമായി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കാരുണ്യ ആരോഗ്യ ബെനവലന്റ് ഫണ്ട് പദ്ധതി, ആരോഗ്യകിരണം എന്നിവയുടെ നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.** |
| (ബി) | കാസ്പ്/പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന (പി.എം.ജെ.എ.വൈ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ലോക ബാങ്ക് നടപ്പാക്കുന്ന ഡയഗ്നോസിസ് റിലേറ്റഡ് ഗ്രൂപ്പ്(ഡി.ആർ.ജി.) പ്രോജക്ടിന്റെ വിശദാംശം നൽകുമോ; ഏതൊക്കെ ആശുപത്രികളിൽ ആണ് ഡി.ആർ.ജി. പ്രോജക്റ്റ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഡയഗ്നോസിസ് റിലേറ്റഡ് ഗ്രൂപ്പ് (DRG) നടപ്പിലാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റിയാണ്. പദ്ധതിയിൽ അംഗത്വം നേടിയിട്ടുള്ള ആശുപത്രികൾക്ക് വേഗത്തിലും കാര്യക്ഷമമായും ചികിത്സിച്ച പണം ലഭ്യമാക്കുക എന്നതും DRG യുടെ ലക്ഷ്യങ്ങളിൽപ്പെട്ടതാണ്. പദ്ധതി ഗുണഭോക്താക്കൾക്കു കൂടുതൽ കാര്യക്ഷമമായി ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 5 സംസ്ഥാനങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിലാണ് നാഷണൽ ഹെൽത്ത് അതോറിറ്റി DRG നടപ്പിലാക്കുന്നത്. ഈ 5 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ട്.<br><br>താഴെ പറയുന്ന ആശുപത്രികളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ DRG നടപ്പിലാകുന്നത് |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br><br>റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം<br><br>സരസ്വതി ഹോസ്പിറ്റൽ, തിരുവനന്തപുരം<br><br>അഷ്ടമുടി ഹോസ്പിറ്റൽ, കൊല്ലം<br><br>ജില്ലാ ആശുപത്രി,കൊല്ലം<br><br>ജോസ്കോ ഹോസ്പിറ്റൽ, മാവേലിക്കര, ആലപ്പുഴ<br><br>ജനറൽ ആശുപത്രി, കോട്ടയം<br><br>ചെറുപുഷ്പം ഹോസ്പിറ്റൽ, കോട്ടയം<br><br>മെഡിക്കൽ കോളേജ്,കോട്ടയം<br><br>താലൂക് ആശുപത്രി, ചാലക്കുടി<br><br>സേക്രട്ട് ഹാർട്ട് ഹോസ്പിറ്റൽ, പുല്ലൂർ<br><br>അഹല്യ ഹോസ്പിറ്റൽ, പാലക്കാട്<br><br>അൽമാസ് ഹോസ്പിറ്റൽ, മലപ്പുറം<br><br>മെഡിക്കൽ കോളേജ്, കോഴിക്കോട്<br><br>ഇക്ര ഹോസ്പിറ്റൽ, കോഴിക്കോട്<br><br>അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ്, കണ്ണൂർ |
| (സി) | ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷന്റെ സാമ്പത്തിക സഹായം ലഭിക്കുന്ന വിവിധ സ്ഥാപനങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കൂടെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (സി) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി സഹകരിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, ആക്സസ് ഹെൽത്ത് എന്നീ സ്ഥാപനങ്ങൾ ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള നാഷണൽ ഹെൽത്ത് **ഡിസ്ക്ലോഷർ** എഗ്രിമെന്റിൽ ഒപ്പ് വച്ച ഡെവലപ്മെന്റ് പാർട്ണർമാരായ സ്ഥാപനങ്ങളാണ്. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങൾക്ക് കാസ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം വിവരങ്ങളാണ് കൈമാറിയിട്ടുള്ളത് എന്നത് വ്യക്തമാക്കാമോ; | (ഡി) | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഉദ്യോഗസ്ഥർക്കാവശ്യമായ പാഠ്യപദ്ധതി വികസിപ്പിക്കുക, ആവശ്യമായ പരിശീലന പരിപാടി ആസൂത്രണം ചെയ്യുന്നതിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ സഹായിക്കുക എന്നീ കാര്യങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾ ചെയ്യുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ വിവരങ്ങളൊന്നും തന്നെ ഒരു സ്ഥാപനത്തിനും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നൽകാറില്ല. |

| | | | |
|---|---|---|---|
| (ഇ) | ഈ സ്ഥാപനങ്ങളുടെ കൺസൾട്ടന്റുകൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ പ്രവർത്തിക്കാൻ ആരോഗ്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഈ സ്ഥാപനങ്ങളുടെ കൺസൾട്ടന്റുകൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓഫീസിൽ സ്ഥിരമായി പ്രവർത്തിക്കാൻ യാതൊരുവിധ അനുമതിയും നൽകിയിട്ടില്ല. എന്നാൽ ആവശ്യമായ സമയങ്ങളിൽ അവരുടെ പ്രതിനിധികൾ ഓഫീസിൽ വന്നും, വെർച്ച്വലുമായാണ് പരിശീലന സേവനങ്ങൾ നൽകാറുള്ളത് . |

സെക്ഷൻ ഓഫീസർ